**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3102** **07-10-2025 - ൽ മറുപടിയ്ക്ക്**

**പെരിഞ്ചേരി കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് പ്രവൃത്തി സംബന്ധിച്ച്**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</td><td colspan="2">ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>പെരിഞ്ചേരി കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് പ്രവൃത്തി ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ; ടി പ്രവൃത്തിയുടെ ആകെ അടങ്കൽ തുകയും ഇതുവരെയായി പൂർത്തീകരിച്ച പ്രവൃത്തികളും ഇനി നിർവഹണത്തിന് ബാക്കിയുള്ള പ്രവൃത്തികളും ഏതൊക്കെയെന്ന് തുക സഹിതം വിശദമാക്കാമോ;</td><td>(എ)</td><td>കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ഐ.ഐ.ഡി.സി.) മുഖേന കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കി വരുന്ന നിർമ്മാണ പദ്ധതിയാണ് പെരിഞ്ചേരി കടവ് റെഗുലേറ്റർ കം ബ്രിഡ്ജ്. കിഫ്ബിയിൽ നിന്ന് 07.09.2019-ന് ₹68.36 കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭിച്ച പ്രസ്തുത പദ്ധതി കെ.ഐ.ഐ.ഡി.സി. ടെൻഡർ ചെയ്ത് കരാർ 07.09.2020-ന് നടപ്പിലാക്കി. പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ 17.09.2020-ന് ആരംഭിച്ചു. പദ്ധതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><table><tr><td>എസ്റ്റിമേറ്റ് തുക (ജി.എസ്.ടി. ഒഴികെ)</td><td>₹57,03,22,025.00</td></tr><tr><td>കരാർ തുക (ജി.എസ്.ടി. ഒഴികെ)</td><td>₹61,13,34,133.00</td></tr><tr><td>കരാറുകാരൻ</td><td>ജോയിന്റ് വെഞ്ചർ: ടി.ബി.എ.എസ്. & ഇ.കെ.കെ. ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ്.</td></tr></table><br>നിലവിൽ 30% പദ്ധതി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇടതുകരയിലെ സംരക്ഷണ ഭിത്തിയും, ഒരു പിയറും, അബട്ട്മെന്റും, ഇടതുകരയിലെ പൈലിങ് പ്രവൃത്തികളും പൂർത്തീകരിച്ചവയിൽ ഉൾപ്പെടുന്നു. പ്രസ്തുത പദ്ധതിയിൽ അഞ്ച് പിയറുകളുടെ നിർമ്മാണം, സംരക്ഷണ ഭിത്തി, അപ്രോച്ച് റോഡ്, മെക്കാനിക്കൽ-ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നിവയാണ് ബാക്കിയുള്ള നിർമ്മാണ പ്രവൃത്തികൾ. നാളിതുവരെ ജി.എസ്.ടി. ഉൾപ്പടെ ഏകദേശം ₹18 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ജി.എസ്.ടി. ഉൾപ്പടെ ഏകദേശം ₹73 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികളാണ് ഇനി നടപ്പിലാക്കാനുള്ളത്.</td></tr>
</table>

| | | | |
|---|---|---|---|
| (ബി) | വടകര താലൂക്കിലെ ജലവിതരണത്തിൽ ഉപ്പുവെള്ളത്തിന്റെ സാന്നിധ്യം തടയുന്നതിന് വേണ്ടി വിഭാവനം ചെയ്ത ഈ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | പദ്ധതിയുടെ ആരംഭഘട്ടത്തിലുള്ള പൈലിംഗ് പ്രവൃത്തികൾ ആരംഭിക്കുന്നതിനായി റിംഗ് ബണ്ടിന്റെ പ്രവൃത്തികൾ പ്രദേശത്ത് തുടങ്ങി. എന്നാൽ പദ്ധതി പ്രദേശത്തിന്റെ സ്ഥിതി അനുസരിച്ച് റിംഗ് ബണ്ടിൽ അനിവാര്യമായ മാറ്റങ്ങൾ വരുത്തി, പുതുക്കിയ രീതിയിലുള്ള ഡിസൈനും, നിരക്കും പ്രകാരമുള്ള റിംഗ് ബണ്ടാണ് നിർമ്മിച്ചത്. പുതുക്കിയ റിംഗ് ബണ്ടിന്റെ ഡിസൈൻ പ്രകാരമുള്ള നിരക്കും 07.09.2020-ലെ കരാർ പ്രകാരമുള്ള നിരക്കും തമ്മിൽ വ്യതിയാനം വന്നതിനാൽ കരാറുകാരന്റെ ബിൽ പേയ്മെന്റിന് കാലതാമസം നേരിടുകയും കരാറുകാരൻ കോടതിയെ സമീപിക്കുകയും അനുകൂല ഉത്തരവ് ലഭ്യമാക്കുകയും ചെയ്തു. പേയ്മെന്റ് ലഭിക്കാനുണ്ടായ കാലതാമസം പ്രവൃത്തിയുടെ പുരോഗതിയെയും ബാധിച്ചു. കരാറുകാരൻ പദ്ധതിയുടെ ബിൽ തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയെ സമീപിച്ചതിന്മേൽ 01.04.2024-ലെ കോടതി വിധി പ്രകാരം, ചീഫ് സെക്രട്ടറി ഇടപ്പെട്ട് എത്രയും വേഗം പ്രശ്നം പരിഹരിക്കാൻ കോടതി നിർദ്ദേശം നൽകി. തുടർന്ന് ചീഫ് സെക്രട്ടറി 17.04.2024-ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി യോഗം ചേരുകയും, പ്രസ്തുത യോഗത്തിലെ നിർദ്ദേശം അനുസരിച്ച് കെ.ഐ.ഐ.ഡി.സി. തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു.<br><br>തുടർന്ന് പുതുക്കിയ എസ്റ്റിമേറ്റ് അംഗീകാരത്തിനായി കിഫ്ബിക്ക് സമർപ്പിച്ചു. പ്രസ്തുത കാര്യത്തിൽ അന്തിമ തീരുമാനം എടുക്കുന്നതിനായി 24.05.2025-ന് കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും, പുതുക്കിയ എസ്റ്റിമേറ്റിലെ ഇനങ്ങളുടെ നിരക്കുകൾ കെ.ഐ.ഐ.ഡി.സി.യും കിഫ്ബിയും സംയുക്തമായി ചേർന്ന് അന്തിമമാക്കാൻ തീരുമാനിച്ചു. തുടർന്ന് ഇനങ്ങളുടെ നിരക്കുകളിൽ തീരുമാനമെടുക്കുകയും, ആയത് പുതുക്കിയ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ പൂർത്തീകരണ കാലാവധി 31.03.2026 വരെ നീട്ടി നൽകുകയും, ആയതിന്റെ അടിസ്ഥാനത്തിൽ കരാറുകാരൻ അനുബന്ധ കരാർ വെച്ചിട്ടുമുണ്ട്. പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചാൽ ഉടൻ തന്നെ പദ്ധതി പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ